**മഹാത്മാഗാന്ധി സർവ്വകലാശാല**
**(സംഗ്രഹം)**

എം.ബി.എ പ്രോഗ്രാം - സിലബസ് പരിഷ്കരണം 2017 - ബോർഡ് ഓഫ് സ്റ്റഡീസ് (മാനേജ്മെന്റ്) (പിജി)-ന്റെ ശുപാർശകൾ അംഗീകരിച്ച് ഉത്തരവാകുന്നു.

==================================================================================

**അക്കാദമിക് എ4 വിഭാഗം**

സ.ഉ.നം. 4550/എIV/2/2017/അക്കാദമിക്. പി.ഡി. ഹിൽസ്, തീയതി: 25/07/2017

==================================================================================

വായിക്കുക:- 1) ചെയർമാൻ ബോർഡ് ഓഫ് സ്റ്റഡീസ് മാനേജ്മെന്റ് (പി.ജി) 29/3/17-ൽ അയച്ച SMBS/BOS/2017-18-ാം നമ്പർ കത്ത്.

2) 06/06/2017-ലെ ബോർഡ് ഓഫ് സ്റ്റഡീസ് (മാനേജ്മെന്റ്) മീറ്റിംഗിന്റെ മിനിറ്റ്സ്.

**ഉത്തരവ്**

മുകളിൽ പരാമർശിച്ചിട്ടുള്ള ഒന്നാം പേപ്പർ പ്രകാരം എം.ബി.എ പ്രോഗ്രാമിന്റെ സിലബസ് 2017 അഡ്മിഷൻ മുതൽ പരിഷ്കരിക്കണമെന്ന നിർദ്ദേശം ചെയർമാൻ (ബി.ഒ.എസ്, മാനേജ്മെന്റ്) (പി.ജി) സർവ്വകലാശാല മുൻപാകെ സമർപ്പിച്ചു. തദനുസരണം മുകളിൽ പരാമർശിച്ചിട്ടുള്ള രണ്ടാം പേപ്പർ പ്രകാരം കൂടിയ ബോർഡ് ഓഫ് സ്റ്റഡീസ് (മാനേജ്മെന്റ്) (പി.ജി) മീറ്റിംഗിന്റെ ശുപാർശകൾ താഴെപറയും പ്രകാരമാണ്.

1. റെഗുലേഷനോടുകൂടിയ കരട് എം.ബി.എ സിലബസ് ബോർഡ് ശ്രദ്ധാപൂർവ്വം ചർച്ചചെയ്യുകയും ആയത് ഏകകണ്ഠമായി ബഹു. വൈസ് ചാൻസിലറുടെ അംഗീകാരത്തിനായി ശുപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2. പുതുക്കിയ എം.ബി.എ സിലബസ് 2017 അഡ്മിഷൻ മുതൽ നടപ്പിലാക്കാൻ സർവ്വകലാശാലയോട് ശുപാർശ ചെയ്യുവാൻ ബോർഡ് തീരുമാനിച്ചു.

3. പുതിയ സിലബസ് നടപ്പാക്കുന്നത് പ്രമേയമാക്കി ഒരു ഫാക്കൾറ്റി ഡെവലപ്മെന്റ് പ്രോഗ്രാം (എഫ്.ഡി.പി) നടത്തുവാനുള്ള നടപടികൾ കൈക്കൊള്ളുവാൻ ബോർഡ് സർവ്വകലാശാലയോട് ശുപാർശ ചെയ്യുന്നു.

ഇക്കാര്യം വിശദമായി പരിശോധിച്ച വൈസ് ചാൻസിലർ എം.ബി.എ സിലബസ് പരിഷ്കരിക്കുന്ന വിഷയം അക്കാഡമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവിട്ടു. എന്നാൽ വിഷയത്തിന്റെ അടിയന്തിര സ്വഭാവം പരിഗണിച്ച് വൈസ് ചാൻസിലർ 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല നിയമം, അദ്ധ്യായം (3), 10(17) വകുപ്പ് പ്രകാരം തന്നിൽ നിക്ഷിപ്തമായിരിക്കുന്ന അക്കാഡമിക് കൗൺസിലിന്റെ അധികാരം ഉപയോഗിച്ച് സൂചന(2) പ്രകാരമുള്ള ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ മാനേജ്മെന്റ് (പി.ജി) ന്റെ മുകളിൽ വിവരിച്ചിട്ടുള്ള (1) മുതൽ (3) വരെയുള്ള ശുപാർശകൾ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-
**ശ്രീരാജ് ആർ.**
**അസിസ്റ്റന്റ് രജിസ്ട്രാർ II (അക്കാദമിക്)**
**രജിസ്ട്രാർക്കുവേണ്ടി**

പകർപ്പ്:

1. വൈസ് ചാൻസിലറുടെ/പ്രൊ വൈസ് ചാൻസിലറുടെ പി.എസ്.മാർ
2. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ പി.എ.മാർ
3. ചെയർമാൻ എ.എസ്.സി (ആമുഖകത്ത് സഹിതം)
4. ചെയർമാൻ, ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ മാനേജ്മെന്റ് (പി.ജി)
5. പ്രിൻസിപ്പാൾ (ബന്ധപ്പെട്ട കോളേജുകൾ)
6. ജെ.ആർ/ഡി.ആർ/എ.ആർ(അക്കാദമിക്)
7. ജെ.ആർ/ഡി.ആർ/എ.ആർ(പരീക്ഷ)
8. ഇ.ഐVII/XXXIII/XXXV സെക്ഷനുകൾ
9. ഇ.ബി സെക്ഷൻ
10. കണ്ടന്റ് മാനേജ്മെന്റ്
11. റെക്കോർഡ് സെക്ഷൻ/ഫയൽ കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം. എസിഎV/1/16240/2017